കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

കുടുംബശ്രീ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം

272 (1645) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുടുംബശ്രീയുടെ നടത്തിപ്പിന് നിയോഗിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടന്റുമാരുടെ വേതനം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്നു വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതനം എപ്പോഴെങ്കിലും പുതുക്കി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ ;

(സി) വർഷങ്ങളായി സേവനം അനുഷ്ഠിച്ചുവരുന്ന ഇവരുടെ വേതനം ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 6000 രൂപ എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. 2013-ലാണ് കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 5,000 രൂപയിൽനിന്നും 6,000 രൂപയായി വർദ്ധിപ്പിച്ച് നൽകിയത്.

(സി) ഉണ്ട്.

(ഡി) അക്കൗണ്ടന്റുമാരുടെ മാസ ശമ്പളം 8,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

273 (1646) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

2014-15 വർഷത്തേയ്ക്കുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഇതുവരെ എത്ര ശതമാനം തുക ചെലവഴിച്ചു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly